(ഡി) ഇതിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തു;

(ഇ) എത്ര കേസുകൾ ഇതിനകം തെളിയിക്കപ്പെട്ടു;

(എഫ്) മറ്റുള്ള കൊലപാതക കേസുകൾ തെളിയിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നും വിശദമാക്കുമോ?

ഉത്തരം

(എ) 1716 കൊലപാതകങ്ങൾ

(ബി) രജിസ്റ്റർ ചെയ്ത 1599 കേസുകളിൽ 1500 കേസുകൾ തെളിയിച്ചു.

(സി) 115 കൊലപാതകങ്ങൾ

(ഡി) 202 പ്രതികളെ അറസ്റ്റു ചെയ്തു.

(ഇ) 105 കേസുകൾ

(എഫ്) പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം ത്വരിതപ്പെടുത്തിയും, ക്രൈംബ്രാഞ്ച് വിഭാഗത്തിനെകൊണ്ട് അന്വേഷണം നടത്തിയും, പ്രതികളെ അറസ്റ്റു ചെയ്ത് കേസുകൾ തെളിയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളെ ലാത്തിച്ചാർജ് ചെയ്ത സംഭവം

96(837)ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി 19-ാം തീയതി പ്രകടനം നടത്തിയ എ.ഐ.എസ്.എഫ്. വിദ്യാർത്ഥികളെ കൊല്ലം എസ്.എൻ. കോളേജിനു മുമ്പിൽവച്ച് പോലീസ് ലാത്തിച്ചാർജ് നടത്തിയോ; എങ്കിൽ അതിനുള്ള കാരണമെന്ത്;

(ബി) ഈ ലാത്തിച്ചാർജ്ജുമൂലം ചിതറിയോടിയ വിദ്യാർത്ഥികൾ എ.ആർ.ക്യാമ്പിനകത്ത് വീണ്ടും ഒത്തുകൂടി പ്രകടനം ആരംഭിച്ചപ്പോൾ വൻപോലീസ് സന്നാഹം അവിടെയെത്തി എസ്.എഫ്.കാരെ വീണ്ടും ലാത്തിച്ചാർജ് ചെയ്തുവോ; എങ്കിൽ അതിനുള്ള കാരണം എന്ത്;

(സി) തുടർന്ന് വിദ്യാർത്ഥികളെന്ന് തോന്നിയവരെയും പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തുവോ;

(ഡി) പോലീസിനെ കൂടാതെ സാമൂഹ്യവിരുദ്ധരും ഗുണ്ടാസംഘങ്ങളും ഓട്ടോറിക്ഷയിൽ സഞ്ചരിച്ച് വിദ്യാർത്ഥികളെ മർദ്ദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത തീയതിയിൽ ഇവിടെ നടന്ന ലാത്തിച്ചാർജ്ജിൽ ആർക്കെല്ലാം പരിക്കേറ്റു; ആരെയെല്ലാം ആശുപത്രിയിൽ പ്രവേശിപ്പിച്ചു?

ഉത്തരം

(എ)-(സി) ലാത്തിച്ചാർജ് നടത്തിയിട്ടില്ല. 2000 ജനുവരി 19-ാം തീയതി കൊല്ലത്ത് എ.ഐ.എസ്.എഫ്. പ്രകടനത്തിന് നേരെ നടന്നതായി ആരോപിക്കപ്പെടുന്ന പോലീസ് അതിക്രമത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(ഡി) ഇല്ല.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലാത്തിച്ചാർജ് നടന്നിട്ടില്ല. എന്നാൽ പ്രകടനക്കാരുടെ കല്ലേറിൽ പരിക്കു പറ്റിയ കൊല്ലം വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ-ഉം ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ എച്ച്.സി. നമ്പർ 3836 കെ.എ.പി.യിലെ രണ്ടു പോലീസുകാർ (നമ്പർ 3011, 3509) എന്നിവർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. കൂടാതെ ഏതാനും വിദ്യാർത്ഥികൾക്കും പരിക്കുപറ്റിയിട്ടുണ്ട്.

ദിലീപുകുമാറിനെ മർദ്ദിച്ച സംഭവം

97(838) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കൈതമുക്കിൽ റ്റി.സി. 28/45-ൽ ദിലീപ് കുമാർ എന്നയാളെ 2000 ജനുവരി 14-ാം തീയതി തന്റെ 'ശരണ്യ അസോസിയേറ്റ്സ്' എന്ന ഫോട്ടോസ്റ്റാറ്റ് സ്ഥാപനത്തിൽ വച്ച് സാമൂഹ്യവിരുദ്ധർ ആക്രമിക്കുകയും പണം പിടിച്ചുപറിക്കുകയും വീട്ടിൽ കയറി ഭാര്യയേയും കുട്ടികളേയും മർദ്ദിക്കുകയും ചെയ്തതായ പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) എഫ്.ഐ. ആറിന്റെ കോപ്പി പരാതിക്കാരന് നൽകിയിട്ടുണ്ടോ;

(ഇ) അക്രമികളെക്കുറിച്ചുള്ള സൂചന പരാതിക്കാരൻ നൽകിയിട്ടുണ്ടോ;

(എഫ്) അക്രമത്തിൽ പരിക്കേറ്റ ഇദ്ദേഹം എത്രനാൾ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു;

(ജി) കേസിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എച്ച്) ഇതിലെ പ്രതികൾ മറ്റേതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) വഞ്ചിയൂർ സ്റ്റേഷനിൽ ക്രൈം 8/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഐ.പി.സി. 143, 147, 148, 328, 452, 394 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) തപാലിൽ അയച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഒരു ദിവസം

(ജി) 4 പ്രതികളെ അറസ്റ്റു ചെയ്തു.

(എച്ച്) ഇതിലെ പ്രതികൾ മറ്റ് ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരല്ല.

LIBRARY ARCHIVES Kerala Legislative Assembly